NO.A.2/SPST/MO/PULS/2023

02.03.2023

## ക്വട്ടേഷൻ നോട്ടീസ്

## പൈങ്കുനി ഉൽസവം-2023

1. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ 27.03.2023ൽ തുടങ്ങുന്ന പൈങ്കുനി ഉത്സവത്തോടനുബന്ധിച്ച് 04.04.2023 ൽ നടക്കുന്ന പള്ളിവേട്ടയ്ക്കും 05.04.2023ൽ നടക്കുന്ന ആറാട്ടിനും ഘോഷയാത്ര കടന്നു പോകുന്ന സ്ഥലങ്ങളിൽ ഹാലജൻ ലൈറ്റുകൾ കത്തിക്കുന്നതിന് കുത്തകയ്ക്ക് ആൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. അതനുസരിച്ച് 04.04.2023 പള്ളിവേട്ട ദിവസം ക്ഷേത്രത്തിന്റെ പടിഞ്ഞാറേനടയിൽ എൽ.ഇ.ഡി. 200/400 വാൾട്ടിന്റെ 15 ലൈറ്റും, വടക്കേനടയിൽ എൽ.ഇ.ഡി. 200/400 വാൾട്ടിന്റെ 15 ലൈറ്റും, വേട്ടകളത്തിൽ എൽ.ഇ.ഡി. 200/400 വാൾട്ടിന്റെ 20 ലൈറ്റും ആയത് കത്തിക്കുന്നതിനാവശ്യമായ 25 കെ.വി.ജനറേറ്ററും, 05.04.2023 ആറാട്ട് ദിവസം ശംഖുമുഖം ആറാട്ട്കടവിൽ 200/400 വാൾട്ടിന്റെ എൽ.ഇ.ഡി.ഫ്ളഡ് ലൈറ്റ് 30 എണ്ണവും,2 ടവർകെട്ടി 200/400 വാൾട്ടിന്റെ എൽ.ഇ.ഡി.ലൈറ്റ് 16 എണ്ണവും, 1 ഷ്യൂട്ടിംഗ് ലൈറ്റും ആയത് പ്രകാശിപ്പിക്കുന്നതിനാവശ്യമായ 62 കെ.വി.ജനറേറ്ററുംപ്രവർത്തിപ്പിക്കുന്നതിനും കൂടാതെ 27.03.2023 മുതൽ 05.04.2023 വരെ പടിഞ്ഞാറേനട മുതൽറോഡുവരെയും വടക്കേനട മുതൽ റോഡു വരെയും സീരിയൽ സെറ്റും, ട്യൂബു ലൈറ്റുകളും കെട്ടി അലങ്കരിക്കുന്നതിലേക്കും വേലക്കൂലി അടക്കം എന്താകുമെന്നും കാണിച്ച് ക്വട്ടേഷനുകൾ10.03.2023 വൈകുന്നേരം 04.30മണിയ്ക്ക്ഓഫീസിൽ ഹാജരാക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേദിവസം വൈകുന്നരം 5 മണിയ്ക്ക് ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കുന്നതും സ്ഥിരപ്പെടുത്തുന്നതുമാണ്.

2. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുവാനോ, നിരസിക്കുവാനോ ഉള്ള പൂർണ്ണ അവകാശം എക്സിക്യുട്ടീവ് ഓഫീസർക്കായിരിക്കും

3. പ്രസ്തുത ലൈറ്റുകൾ എല്ലാം ടി ദിവസം വൈകുന്നേരം 6 മണിയ്ക്ക് കത്തിച്ച് ചുമതലക്കാരെ ബോദ്ധ്യപ്പെടുത്തി അവരുടെ നിർദേശാനുസരണം പ്രവർത്തിക്കേണ്ടതാണ്.മറ്റുവിവരങ്ങളും നിബന്ധനകളും അറിയുവാൻ ആഗ്രഹമുള്ളവർ മതിലകംഓഫീസിൽ ഹാജരായി അറിഞ്ഞു കൊള്ളേണ്ടതാണ്.

2/3/23

എക്സിക്യൂട്ടീവ് ഓഫീസർ ഇൻചാർജ്

പകർപ്പ്: മാനേജർ,അസ്സി.അക്കൗണ്ട്സ്ഓഫീസർ, ആഡിറ്റ്,പർച്ചേസ്സെക്ഷൻ, നോട്ടീസ് ബോർഡ്, 4 നടകൾ, സ്റ്റോക്ക് ഫയൽ സെക്ഷൻ.